**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3838** **27-06-2024 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി ആശുപത്രികളുടെ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കറുകച്ചാൽ, നെടുങ്കുന്നം വെറ്ററിനറി ആശുപത്രികളുടെ പുതിയ കെട്ടിട നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കര മൃഗാശുപത്രിക്ക് അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല. നിലവിൽ പഞ്ചായത്തിൽ നിന്നും അനുവദിച്ചു നൽകിയ വാടക കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്.<br><br>കോട്ടയം ജില്ലയിലെ നെടുംകുന്നം മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്ന വിഷയം നബാർഡ് RIDF പദ്ധതിയിൽ Tranche XXIX-ൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം നിരസിച്ചു. ആയതു RIDF പദ്ധതിയിൽ Tranche XXX-ൽ ഉൾപ്പെടുത്തി പുന:സമർപ്പിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതിനായി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോയെന്നും തുക എത്രയാണെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും എന്നത്തേക്ക് അനുമതി നല്കാനാകുമെന്നും വ്യക്തമാക്കാമോ; | (ബി) | ഇല്ല. നെടുംകുന്നം മൃഗാശുപത്രിയ്ക്ക് നബാർഡ് RIDF പദ്ധതിയിൽ Tranche XXX-ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരമായി അനുമതി നല്കാമോ? | (സി) | കറുകച്ചാൽ പഞ്ചായത്തിലെ ചമ്പക്കര മൃഗാശുപത്രിയ്ക്ക് സ്ഥലം ലഭ്യമായി കെട്ടിട നിർമ്മാണത്തിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്കും, നെടുംകുന്നം മൃഗാശുപത്രിയ്ക്ക് നബാർഡ് RIDF പദ്ധതിയിൽ Tranche XXX-ൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാകുന്ന മുറയ്ക്കും, പ്രസ്തുത ആശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിന് അനുമതി നൽകുന്ന വിഷയം പരിശോധിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ